"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് ഭരണപരം - സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിലേയ്ക്ക് നിയമന ഉത്തരവ് നൽകിയിരുന്ന ശ്രീ.വൈഷ്ണവ് കെ.എസ്.ന് പ്രവേശനകാലം നീട്ടിനൽകി അടിസ്ഥാന പരിശീലനത്തിന് പ്രവേശിപ്പിക്കുവാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.266/2026/TAXES തീയതി, തിരുവനന്തപുരം, 04-03-2026**

---

പരാമർശം:-
1. എക്സൈസ് കമ്മീഷണറുടെ 24.12.2025-ലെ EXC/3798/2024-XM7 നമ്പർ ഉത്തരവ്
2. എക്സൈസ് അക്കാഡമി ഡയറക്ടറുടെ 17.02.2026-ലെ SEARC/51/2025-SEA3 നമ്പർ ഉത്തരവ്
3. ശ്രീ.വൈഷ്ണവ് കെ.എസ്. സമർപ്പിച്ച 24.02.2026-ലെ അപേക്ഷ
4. എക്സൈസ് കമ്മീഷണറുടെ 25.02.2026-ലെ EXC/1255/2026-XE8 നമ്പർ കത്ത്

**ഉത്തരവ്**

എക്സൈസ് കമ്മീഷണറുടെ പരാമർശം (1) ഉത്തരവ് പ്രകാരം സമാശ്വാസതൊഴിൽദാന പദ്ധതിപ്രകാരം സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ളതും, എക്സൈസ് അക്കാദമി ഡയറക്ടറുടെ പരാമർശം (2) ഉത്തരവുപ്രകാരം 25/02/2026-ന് ട്രെയിനിംഗിന് ഹാജരാകാൻ നിർദേശം ലഭിച്ചിട്ടുള്ളതുമായ ശ്രീ. വൈഷ്ണവ് കെ.എസ്. ട്രെയിനിങ്ങിൽ ഹാജരാകുന്നതിന് 45 ദിവസംകൂടി സമയം ദീർഘിപ്പിച്ച് നൽകുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതായും നിയമന അധികാരിക്ക് പ്രവേശന കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്ന 45 ദിവസത്തെ കാലയളവ് കഴിഞ്ഞിട്ടുള്ളതാണെന്നും അറിയിച്ചുകൊണ്ട് 45 ദിവസംകൂടി സമയം ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച

അപേക്ഷയും അനുബന്ധരേഖകളും ശിപാർശയോടെ തുടർനടപടികൾക്കായി എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

**2)** ശ്രീ. വൈഷ്ണവ് കെ.എസ്.ന് നിയമനം നൽകിയ ഉത്തരവ് പുറപ്പെടുവിച്ചത് പരാമർശം ഒന്ന് പ്രകാരവും **25/02/2026**-ന് ട്രെയിനിംഗിന് ഹാജരാകാൻ നിർദേശം നൽകിയത് പരാമർശം രണ്ട് പ്രകാരവുമാണെന്നും അതിനാൽ നിയമന അധികാരിക്ക് പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്ന **45** ദിവസത്തെ കാലയളവ് നിലവിൽ കഴിഞ്ഞിട്ടുള്ളതാണെന്നും അതിനാൽ ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം ആവശ്യമാണെന്നും എക്സൈസ് കമ്മീഷണർ അറിയിച്ചിരുന്നു.

**3)** സർക്കാർ ഈ വിഷയം പരിശോധിച്ചു. സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം **24.12.2025**-ൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമനം ലഭിക്കുകയും എക്സൈസ് അക്കാദമി ഡയറക്ടറുടെ പരാമർശം (2) ഉത്തരവുപ്രകാരം **25/02/2026**-ന് ട്രെയിനിംഗിന് ഹാജരാകാൻ നിർദേശം ലഭിച്ചിട്ടുള്ളതുമായ ശ്രീ. വൈഷ്ണവ് കെ.എസ്.ന് ട്രെയിനിങ്ങിൽ ഹാജരാകുന്നതിന് പ്രവേശനകാലയളവ് **45** ദിവസംകൂടി ദീർഘിപ്പിച്ചു നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
3. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/100/2024-നികുതി)

ഉത്തരവിൻ പ്രകാരം
Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 05-03-2026 11:31:26